"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960 -പ്രതിപൂരണപട്ടികയിൽ പുതുതായി മരുന്നുകൾ, ലാബ് ടെസ്റ്റുകൾ എന്നിവ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

സ.ഉ.(കൈ) നം.209/2023/H&FWD തീയതി,തിരുവനന്തപുരം, 17-08-2023

---

പരാമർശം:- 1. 14.06.2023 ലെ ജി2/1007/2022/ആ.കു.വ നമ്പർ കത്ത്.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03/07/2023 ലെ MH3/12644/2023/DHS നം. കത്ത്

**ഉത്തരവ്**

1960-ലെ കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് പ്രകാരം മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അനുവദനീയമായ പ്രതിപൂരണപട്ടികയിൽ മരുന്നുകൾ, ലാബ് ടെസ്റ്റുകൾ എന്നിവ പുതുതായി ഉൾപ്പെടുത്തുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാൻ പരാമർശം (1) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ കമ്മിറ്റിയുടെ ഘടന സംബന്ധിച്ച ശിപാർശ പരാമർശം (2) കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960 -പ്രകാരമുള്ള പ്രതിപൂരണപട്ടികയിൽ പുതുതായി മരുന്നുകൾ, ലാബ് ടെസ്റ്റുകൾ എന്നിവ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ ഡയറക്ടർ ശിപാർശ ചെയ്തു പ്രകാരം താഴെ പറയുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ആരോഗ്യ വകുപ്പ് ഡയറക്ടർ - ചെയർപേഴ്സൺ
2. ഡ്രഗ്സ് കൺട്രോളർ
3. അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)
4. ഡയറക്ടർ, പബ്ലിക് ഹെൽത്ത് ലാബ്
5. ജനറൽ മാനേജർ കെ.എം.എസ്.സി.എൽ

6. ആവശ്യമായ ക്ലിനിക്കൽ/പാരാമെഡിക്കൽ വകുപ്പ് മേധാവികൾ (തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും)

മേൽ പറഞ്ഞ ചട്ടത്തിലെ പ്രതിപൂരണ പട്ടികയിൽ പുതുതായി മരുന്നുകൾ, ലാബ് ടെസ്റ്റുകൾ എന്നിവ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക്, കമ്മിറ്റി ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി.എം

അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (G2/1007/2022)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ